# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7639

23/07/2012 ൽ മറുപടി നൽകേണ്ടിയിരുന്നത്

## പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിലെ കാലതാമസം

ചോദ്യം:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

(എ) പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ നിലനില്ക്കുന്ന കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന പരിഷ്കരണ നടപടികൾ വിശദമാക്കുമോ ;

ഉത്തരം:

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) പി.എസ്.സിയുടെ പരീക്ഷാ നടത്തിപ്പും നിയമന പ്രക്രിയയും സുതാര്യവും കാര്യക്ഷമവുമാക്കാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റ് ഉദ്യോഗാർത്ഥികൾക്ക് സ്വയം ഡൗൺലോഡ് ചെയ്തെടുക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തി.
2. എസ്.എം.എസ് വഴി ഉദ്യോഗാർത്ഥിയെ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാൻ സജ്ജമായ വിവരം അറിയിക്കുന്നു.
3. പി.എസ്.സി ഉദ്യോഗസ്ഥർ നേരിട്ട് പരീക്ഷാ നടപടികൾക്ക് മേൽനോട്ടം വഹിക്കുന്നു.
4. പരീക്ഷ കഴിഞ്ഞാലുടനെ ഉത്തര സൂചിക പ്രസിദ്ധീകരിക്കുന്നു.
5. ചോദ്യ ബാങ്ക് രൂപീകരിക്കാനുള്ള തീരുമാനം നയപരമായി സ്വീകരിച്ചു.
6. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ യന്ത്രവത്കൃത വാല്യുവേഷൻ നടത്തുന്നു.
7. ഓൺലൈൻ പരീക്ഷകൾ നടത്തുവാനുള്ള ആദ്യഘട്ട നടപടികൾ സ്വീകരിച്ചുവരുന്നു.
8. ഒറ്റത്തവണ രജിസ്ട്രേഷൻ എന്ന പുതിയ സംരംഭത്തിന് തുടക്കം കുറിച്ചു.
9. ഒഴിവുകൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
10. റൊട്ടേഷൻ കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

| | |
|---|---|
| (ബി) സെലക്ഷൻ പ്രോസസിൽ കാല താമസം വരുത്തുന്ന ഘടകങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (ബി) മേൽ സൂചിപ്പിച്ച നടപടികളുടെ അടിസ്ഥാനത്തിലും ലഭ്യമായ മനുഷ്യശേഷി ഉപയോഗിച്ചും സെലക്ഷൻ പ്രക്രിയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കാലതാമസം പരമാവധി പി.എസ്.സി ഒഴിവാക്കുന്നുണ്ട്. ആയതിനാൽ പഠനം നടത്തേണ്ട സാഹചര്യം നിലവിലില്ല. |
| (സി) എങ്കിൽ കണ്ടെത്തലുകൾ വിശദ മാക്കുമോ; | (സി) ബാധകമല്ല. |
| (ഡി) ഇന്റർവ്യൂ അനിവാര്യമല്ലാത്ത തസ്തികകൾ വേർതിരിച്ച് കണ്ടെത്തി അവയ്ക്ക് ഇന്റർവ്യൂ ഒഴിവാക്കുന്ന കാര്യം ആലോചിക്കുമോ; | (ഡി) വിജ്ഞാപനം ചെയ്യുന്ന തസ്തികകൾക്ക് അനുയോജ്യമായ രീതിയിലുള്ള തിരഞ്ഞെടുപ്പ് നടപടികൾ ആണ് കമ്മീഷൻ തീരുമാനിക്കാറുള്ളത്. പല തസ്തികകൾക്കും നിലവിൽ സെലക്ഷൻ പൂർത്തീകരിക്കുന്നത് എഴുത്തു പരീക്ഷയുടെ മാത്രം അടിസ്ഥാനത്തിലാണ്. |
| (ഇ) സമാനയോഗ്യതകൾ വേണ്ടതായ തസ്തികകൾ ഗ്രൂപ്പ് ചെയ്ത് കോമൺ ടെസ്റ്റ് നടത്തി സെലക്ഷൻ നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്ന കാര്യം പരിഗണിക്കുമോ; | (ഇ) സമാന യോഗ്യതയുള്ള തസ്തികകൾക്ക് നിലവിൽ മറ്റ് അസൗകര്യങ്ങളൊന്നും ഇല്ലാത്ത പക്ഷം കോമൺ ടെസ്റ്റ് നടത്താറുണ്ട്. |
| (എഫ്) നിലവിൽ എത്ര ഒഴിവുകൾ നിക ത്തേണ്ടതുണ്ടെന്നതിന്റെ തസ്തിക തിരി ച്ചുള്ള കണക്ക് നല്കാമോ? | (എഫ്) തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**